ക്കുന്നതിനും സഹായകരമായ പദ്ധതി, ചകിരിക്കും തൊണ്ടിനും സബ്സിഡി, പലിശ സബ്സിഡി, പ്രവർത്തന മൂലധന വായ്പ നൽകൽ തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു.

തൊണ്ടുവില

43 (2840)ശ്രീ. എം. മുരളി :

ശ്രീ. കെ. സുധാകരൻ :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കോക്കനട്ട് ഹസ്ക് കൺട്രോൾ ഓർഡർ നിലവിലുണ്ടോ;

(ബി) ഈ ഉത്തരവ് നിലവിലുണ്ടായിരുന്നപ്പോൾ തൊണ്ടു വില എന്തായിരുന്നു;

(സി) ഇപ്പോൾ അഴുകിയ തൊണ്ടിന്റെയും പച്ച തൊണ്ടിന്റെയും വില എത്രയാണ്;

(ഡി) അയൽ സംസ്ഥാനങ്ങളിലെ തൊണ്ടുവില എത്രയാണെന്ന് അറിവുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(ഇ) തൊണ്ടുവില നിയന്ത്രിച്ചു നിറുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇല്ല.

(ബി) ത്രീപോയിന്റ് ലെവി സമ്പ്രദായം നിലവിലുണ്ടായിരുന്നപ്പോൾ തൊണ്ടിന്റെ ശരാശരി വില 190 രൂപയായിരുന്നു. എന്നാൽ പൊതുവിപണിയിലെ വില ലെവി വിലയേക്കാൾ ഇരട്ടിയായിരുന്നു.

(സി) പച്ച തൊണ്ടിന്റെയും അഴുകിയ തൊണ്ടിന്റെയും വില ഓരോ ജില്ലയിലും വ്യത്യസ്തമാണ്. ഓരോ ജില്ലയിലുമുള്ള തൊണ്ടിന്റെ ശരാശരി വില കണക്കിലെടുത്താൽ 1000 പച്ച തൊണ്ടിന് ഇപ്പോൾ 375 രൂപ മുതൽ 650 രൂപ വരെയും അഴുക്കു തൊണ്ടിന് 450 രൂപാ മുതൽ 800 രൂപാ വരെയും വിലയുണ്ട്.

(ഡി) ഉണ്ട്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ പച്ച തൊണ്ടിന്റെ ഇപ്പോഴത്തെ ശരാശരി വില 275 രൂപയാണ്.

(ഇ) തൊണ്ടിന്റെ അമിതവില നിയന്ത്രിച്ചു നിർത്തുന്നതിന് അനുവദിച്ചുവരുന്ന സബ്സിഡി അപര്യാപ്തമാണെന്നും വില നിയന്ത്രണത്തിന് ശക്തമായ നടപടി സ്വീകരിക്കണമെന്നും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പൊതു വിപണിയിൽനിന്നും തൊണ്ട്, ചകിരി എന്നിവ വാങ്ങി ഉല്പാദനം നടത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന അധിക ചെലവ് പരിഹരിക്കുന്നതിനായി തൊണ്ട്. ചകിരി എന്നിവ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന ഒരു പദ്ധതി സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 1000 തൊണ്ടിന്

LIBRARY ARCHIVES Kerala Legislative Assembly

പരമാവധി 150 രൂപയും 1 കിന്റൽ ചകിരിക്ക് 150 രൂപ നിരക്കിലും സബ്സിഡി അനുവദിക്കുന്നുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ടെക്നോളജിയുടെ പ്രവർത്തനം

44(2841) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽ ടെക്നോളജിയുടെ പ്രവർത്തന ലക്ഷ്യം എന്താണെന്ന് വിശദമാക്കുമോ:

(ബി) പ്രസ്തുത സ്ഥാപനത്തിൽ കൈത്തറി ഗവേഷണ പഠനപ്രവർത്തനങ്ങൾ നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിന്റെ ഭരണച്ചുമതലകൾ ആർക്കാണ്;

(ഇ) ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ പരിചയസമ്പന്നരായ ഉദ്യോഗസ്ഥൻ ഇപ്പോൾ നിലവിലുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ:

(ജി) ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അധികാരം ആർക്കാണെന്നും ശമ്പളം നൽകുന്നത് എങ്ങനെയാണെന്നും വിശദമാക്കുമോ;

(എച്ച്) ശമ്പളം നൽകുന്നത് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ആണെങ്കിൽ അതിനാവശ്യമായ വരുമാനം പ്രസ്തുത സ്ഥാപനത്തിനുണ്ടോ എന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈയിൽ ടെക്നോളജിയുടെ പ്രവർത്തനലക്ഷ്യങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. +

(ബി)&(സി) സ്ഥാപനത്തിൽ കൈത്തറി പഠന ഗവേഷണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി കൊടുത്തിട്ടുണ്ട്. †

(ഡി) വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനായിട്ടുള്ള 13 അംഗ ഭരണസമിതിക്കാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചുമതല.

(ഇ)&(എഫ്) പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പരിചയസമ്പന്നരായ സ്റ്റാഫിന്റെ അപര്യാപ്തത ഉണ്ട്. ഇതിലേയ്ക്കായി കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ജി)&(എച്ച്) സ്ഥാപനത്തിന് സർക്കാർ അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ 5(3) വകുപ്പനുസരിച്ച് എക്സിക്യൂട്ടീവ് ഡയറ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly